"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു. നോർത്ത് പറവൂർ സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 120/07 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - റീകൂപ്പ് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.483/2026/PWD തിരുവനന്തപുരം, തീയതി,24-03-2026

---

പരാമർശം:-

1. GO(RT)No.4547/2010/RD തീയതി 27.09.2010
2. എറണാകുളം ജില്ലാ കളക്ടറുടെ 12.11.2010 ലെ S.7-45329/09 നടപടിക്രമം
3. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
4. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 04.03.2026 ലെ CEPWD/3923/2026-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.നോർത്ത് പറവൂർ സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം.120/07 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച തുക റീകൂപ്പ് ചെയ്യുന്നതിനായി 5,56,847/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു.നോർത്ത് പറവൂർ സബ്കോടതിയുടെ എൽ.എ.ആർ 120/07 ലെ ഉത്തരവ് പാലിക്കുന്നതിന് പരാമർശം 1 പ്രകാരം അനുവദിച്ച തുക റീകൂപ്പ് ചെയ്യുന്നതിനായി 5,56,847/- രൂപ (അഞ്ച് ലക്ഷത്തി അൻപത്തി ആറായിരത്തി എണ്ണൂറ്റി നാൽപത്തേഴ് രൂപ മാത്രം) യുടെ ഭരണാനുമതി

ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, മൂവാറ്റുപുഴ

ജില്ലാകളക്ടർ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 24-03-2026 15:51:28

സെക്ഷൻ ഓഫീസർ